# നീര ഉത്പാദനം സാധ്യമാക്കാൻ വേഗം നടപടി: മന്ത്രി കെ.സി. ജോസഫ്

## ▶ പത്തു നാളികേര ഉത്പാദന കമ്പനികൾ ഈവർഷം സ്ഥാപിക്കും

ചെറുപുഴ: നീര ഉത്പാദനത്തിന് ആവശ്യമായ രീതിയിൽ എക്സൈസ് നിയമത്തിൽ മാറ്റം വരുത്താൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടെന്നു മന്ത്രി കെ.സി. ജോസഫ്. കർഷകരുടെ ദീർഘകാലത്തെ ആവശ്യമാണു നീര ഉത്പാദനത്തിനുള്ള അനുമതി. അബ്കാരി ആക്ടുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകളാണു തടസമായിരുന്നത്. ഇതു പരിഹരിക്കാനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയായി വരികയാണെന്നും മന്ത്രി അറിയിച്ചു. നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിലുള്ള തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ സഹകരണത്തോടെ ചെറുപുഴയിൽ സംഘടിപ്പിച്ച മലബാർ മേഖല കേരകർഷക സംഗമവും 'നീരസാധ്യതകൾ' സംവാദവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

റബർ ഉത്പാദക സംഘങ്ങളുടെ മാതൃകയിൽ ഉത്പാദകരുടെ താത്പര്യം സംരക്ഷിച്ചു കർഷകരുടെ വരുമാന വർധനയ്ക്കു സഹായമാകുന്ന നടപടികൾ സ്വീകരിക്കാൻ തക്കവിധത്തിൽ നാളികേര ഉത്പാദക സംഘങ്ങൾ മാറണമെന്നു മന്ത്രി ആവശ്യപ്പെട്ടു.

നാളികേരത്തിന്റെ വിലയിടിവിനു പരിഹാരം കാണാൻ കേരളത്തിൽ ആദ്യമായി ചെറുപുഴയിൽ രൂപീകരിക്കപ്പെട്ടതു പോലെയുള്ള മൂല്യവർധിത ഉത്പന്നങ്ങൾക്കായുള്ള കേരകർഷകരുടെ കമ്പനികൾ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കും. നാളികേര കർഷകരെ സഹായിക്കാനായി നാളികേര വികസന ബോർഡ് ആവിഷ്കരിക്കുന്ന ഏത് പദ്ധതിക്കും സർക്കാരിന്റെ പൂർണ പിന്തുണയുണ്ടെന്നും മന്ത്രി പറഞ്ഞു.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണം നടത്തി. 2013-14 കാലഘട്ടത്തിൽ ബോർഡിന്റെ നേതൃത്വത്തിൽ 10 നാളികേര ഉത്പാദന കമ്പനികൾ കേരളത്തിൽ സ്ഥാപിക്കുമെന്നു ജോസ് പറഞ്ഞു. സി. കൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെക്കുറിച്ചു കമ്പനി ചെയർമാൻ സണ്ണി ജോർജ് ഇളംതുരുത്തിൽ വിഷയാവതരണം നടത്തി. കമ്പനിയുടെ വെബ്സൈറ്റ് ജില്ലാ വ്യവസായ വകുപ്പ് ജനറൽ മാനേജർ കനകാംബരൻ ഉദ്ഘാടനം ചെയ്തു.

കമ്പനിയുടെ ഷെയർ വിതരണോദ്ഘാടനം ബോർഡ് എജിഎം പി. ദിനേശും കമ്പനി ലോഗോ പ്രകാശനം ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ പി.സി. ധനരാജും നിർവഹിച്ചു.

നാളികേര ഉത്പാദക സംഘങ്ങളിൽ നിന്നുള്ള ആദ്യഷെയർ കണ്ണൂർ ആത്മ ഡെപ്യൂട്ടി ഡയറക്ടർ ജെയിൻ ജോർജ് സ്വീകരിച്ചു. യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണസംഘത്തെക്കുറിച്ചു കണ്ണൂർ കയർ പ്രോജക്ട് ഓഫീസർ കെ. സുരേന്ദ്രനാഥ് ക്ലാസെടുത്തു. ചങ്ങാതിക്കൂട്ടം ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം പെരിങ്ങോം-വയക്കര പഞ്ചായത്ത് പ്രസിഡന്റ് പി.വി. തമ്പാൻ നിർവഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് അംഗം എ. സുഭദ്ര, പഞ്ചായത്ത് അംഗം വിജേഷ് പള്ളിക്കര, കെ. കുഞ്ഞികൃഷ്ണൻ നായർ, കെ.എം. ഷാജി, വി. കൃഷ്ണൻ, ഡെന്നി കാവാലം, രാജു ചുണ്ട, എം. സതീശൻ, എം.കെ. ഇബ്രാഹിം, സംഘാടക സമിതി ചെയർമാൻ റോഷി ജോസ്, ജോയ്ക്കുട്ടി വിൻസന്റ് എന്നിവർ പ്രസംഗിച്ചു.

വൈവിധ്യമാർന്ന നാളികേര ഉത്പന്നങ്ങളുടെ സിഡി പ്രദർശനവും ഉത്പന്നം പരിചയപ്പെടുത്തലും നടന്നു.



നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിലുള്ള തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെറുപുഴയിൽ സംഘടിപ്പിച്ച കേരകർഷക സംഗമം മന്ത്രി കെ.സി. ജോസഫ് നിലവിളക്കുകൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.